എ.വൈ.ആർ

സൂറ-11

# ഹൂദ്

فَقَالَ ٱلْمَلَأُ ٱلَّذِينَ كَفَرُوا۟ مِن قَوْمِهِۦ مَا نَرَىٰكَ إِلَّا بَشَرًا مِّثْلَنَا
وَمَا نَرَىٰكَ ٱتَّبَعَكَ إِلَّا ٱلَّذِينَ هُمْ أَرَاذِلُنَا بَادِىَ ٱلرَّأْىِ وَمَا نَرَىٰ لَكُمْ عَلَيْنَا
مِن فَضْلٍۭ بَلْ نَظُنُّكُمْ كَـٰذِبِينَ ﴿٢٧﴾

**27** ഈ മുന്നറിയിപ്പ് തള്ളിക്കളഞ്ഞ ജനപ്രമാണിമാർ ഘോഷിച്ചു: ഞങ്ങളുടെ ദൃഷ്ടിയിൽ ഞങ്ങളെപ്പോലൊരു മനുഷ്യനല്ലാതെ മറ്റൊന്നുമല്ല നീ. നിന്നെ പിന്തുടർന്നതായി കാണുന്നതോ, ഞങ്ങളിലെ കാര്യബോധമില്ലാത്ത മ്ലേഛന്മാർ മാത്രവും. ഞങ്ങളെക്കാൾ യാതൊരു മെച്ചവും നിങ്ങളിൽ കാണുന്നുമില്ല. എന്നല്ല, നിങ്ങൾ തനി വ്യാജന്മാരാണെന്നത്രെ ഞങ്ങൾ കരുതുന്നത്.

قَالَ يَـٰقَوْمِ أَرَءَيْتُمْ إِن كُنتُ عَلَىٰ بَيِّنَةٍ مِّن رَّبِّى وَءَاتَىٰنِى رَحْمَةً مِّنْ
عِندِهِۦ فَعُمِّيَتْ عَلَيْكُمْ أَنُلْزِمُكُمُوهَا وَأَنتُمْ لَهَا كَـٰرِهُونَ ﴿٢٨﴾

**28** നൂഹ് പറഞ്ഞു: എന്റെ ജനമേ, ഞാൻ നാഥങ്കൽനിന്നുള്ള തെളിവിന്മേൽ നിലകൊള്ളുകയും ഒപ്പം അവങ്കൽനിന്നു തന്നെയുള്ള ഒരു സവിശേഷ കാരുണ്യം കൂടി എനിക്കു ലഭിക്കുകയും പക്ഷേ നിങ്ങൾക്കത് കാണാൻ കഴിയാതിരിക്കുകയുമാണെങ്കിലോ എന്ന് നിങ്ങൾ ആലോചിച്ചു നോക്കിയിട്ടുണ്ടോ? അതംഗീകരിക്കാൻ നിങ്ങൾ ഇഷ്ടപ്പെടുന്നില്ലെങ്കിൽ ബലാൽക്കാരം നിങ്ങളെ കൊണ്ട് അംഗീകരിപ്പിക്കാൻ ഞങ്ങൾക്കാകുമോ?

وَيَٰقَوۡمِ لَآ أَسۡـَٔلُكُمۡ عَلَيۡهِ مَالًاۖ إِنۡ أَجۡرِيَ إِلَّا عَلَى ٱللَّهِۚ
وَمَآ أَنَا۠ بِطَارِدِ ٱلَّذِينَ ءَامَنُوٓاْۚ إِنَّهُم مُّلَٰقُواْ رَبِّهِمۡ وَلَٰكِنِّيٓ أَرَىٰكُمۡ
قَوۡمٗا تَجۡهَلُونَ ٢٩

**29** എന്റെ ജനമേ, ഈ ദൗത്യത്തിന്റെ പേരിൽ ഞാൻ നിങ്ങളോട് ധനമൊന്നും ചോദിക്കുന്നില്ലല്ലോ. എന്റെ പ്രതിഫലം അല്ലാഹുവിങ്കൽ മാത്രമാകുന്നു. എന്റെ പ്രബോധനം സ്വീകരിച്ച കൂട്ടുകാരെ ആട്ടിപ്പായിക്കാനും ഞാൻ തയാറല്ല. അവർ സ്വന്തം വിധാതാവിനെ കണ്ടുമുട്ടുന്നവരാകുന്നു. എന്നാൽ നിങ്ങളെ ഞാൻ കാണുന്നത് അവിവേകമനുവർത്തിക്കുന്ന ജനമായിട്ടത്രെ.

وَيَٰقَوۡمِ مَن يَنصُرُنِي مِنَ ٱللَّهِ إِن طَرَدتُّهُمۡۚ أَفَلَا تَذَكَّرُونَ ٣٠

**30** എന്റെ ജനമേ, അവരെ ആട്ടിയകറ്റുകയാണെങ്കിൽ ദൈവം ശിക്ഷിക്കുന്നതിൽനിന്ന് എന്നെ രക്ഷിക്കാൻ ആരാണുണ്ടാവുക? നിങ്ങൾ ചിന്തിക്കുന്നില്ലയോ?

സത്യനിഷേധികളായ(ഈ മുന്നറിയിപ്പ് തള്ളിക്കളഞ്ഞ)=فَقَالَ ٱلۡمَلَأُ ٱلَّذِينَ كَفَرُواْ
ജനപ്രമാണിമാർ ഘോഷിച്ചു

അദ്ദേഹത്തിന്റെ ജനത്തിൽനിന്നുള്ള =مِن قَوۡمِهِۦ

നിന്നെ ഞങ്ങൾ കാണുന്നില്ല(ഞങ്ങളുടെ ദൃഷ്ടിയിൽ നീ അല്ല) =مَا نَرَىٰكَ

ഞങ്ങളെപ്പോലുള്ള =مِّثۡلَنَا ഒരു മനുഷ്യനായിട്ട് അല്ലാതെ =إِلَّا بَشَرٗا

നിന്നെ ഞങ്ങൾ കാണുന്നില്ല (കാണുന്നതോ) =وَمَا نَرَىٰكَ

നിന്നെ പിന്തുടർന്നു(ർന്നതായി) =ٱتَّبَعَكَ

ഞങ്ങളുടെ മ്ലേഛന്മാരായവരെ തന്നെയല്ലാതെ=إِلَّا ٱلَّذِينَ هُمۡ أَرَاذِلُنَا
(ഞങ്ങളിലെ മ്ലേഛന്മാർ മാത്രവും)

കാര്യങ്ങൾ ബാഹ്യ മാത്രമായി വീക്ഷിക്കുന്ന, =بَادِيَ ٱلرَّأۡيِ
ഉൾക്കാഴ്ചയില്ലാത്ത, കാര്യബോധമില്ലാത്ത

ഞങ്ങളെക്കാൾ =عَلَيۡنَا നിങ്ങൾക്ക് =لَكُمۡ ഞങ്ങൾ കാണുന്നുമില്ല =وَمَا نَرَىٰ

ശ്രേഷ്ഠതയിൽനിന്ന് (യാതൊരു മെച്ചവും) =مِن فَضۡلِۭ

ഞങ്ങൾ നിങ്ങളെ കരുതുന്നു(ന്നത്) =نَظُنُّكُمۡ എന്നാല്ല =بَلۡ

അദ്ദേഹം പറഞ്ഞു =قَالَ നുണ പറയുന്നവരായി, വ്യാജന്മാരായി =كَٰذِبِينَ

നിങ്ങൾ കണ്ടുവോ (ആലോചിച്ചു നോക്കിയിട്ടുണ്ടോ?) =أَرَءَيْتُمْ എന്റെ ജനമേ =يَٰقَوْمِ

ഞാൻ ആണെങ്കിൽ =إِن كُنتُ

എന്റെ നാഥങ്കൽ നിന്നുള്ള =مِّن رَّبِّى തെളിവിന്മേൽ (നിലകൊള്ളുകയും) =عَلَىٰ بَيِّنَةٍ

എനിക്ക് വരുകയും ചെയ്തു (ലഭിക്കുകയും) =وَءَاتَىٰنِى

അവന്റെ പക്കൽ നിന്നു(തന്നെയു)ള്ള = رَحْمَةً مِّنْ عِندِهِۦ

(സവിശേഷമായ)കാരുണ്യം(കൂടി)

എന്നിട്ട് നിങ്ങൾക്ക് അത് അന്ധമാക്കപ്പെട്ടു =فَعُمِّيَتْ عَلَيْكُمْ

(നിങ്ങളതു കാണാതിരിക്കുകയുമാണെങ്കിലോ എന്ന്)

ഞങ്ങൾ അതിനു നിങ്ങളെ നിർബന്ധിക്കുകയോ =أَنُلْزِمُكُمُوهَا

(ബലാൽക്കാരം നിങ്ങളെക്കൊണ്ട് അംഗീകരിപ്പിക്കാൻ ഞങ്ങൾക്കാകുമോ)

നിങ്ങൾ അതിനെ വെറുക്കുന്നവരായിരിക്കെ =وَأَنتُمْ لَهَا كَٰرِهُونَ

(അത് അംഗീകരിക്കാൻ നിങ്ങൾ ഇഷ്ടപ്പെടുന്നില്ലെങ്കിൽ)

ഞാൻ നിങ്ങളോടു ചോദിക്കുന്നില്ല(ല്ലോ) =لَآ أَسْـَٔلُكُمْ എന്റെ ജനമേ =وَيَٰقَوْمِ

അതിന്മേൽ (ഈ ദൗത്യത്തിന്റെ പേരിൽ) =عَلَيْهِ

എന്റെ പ്രതിഫലം(ആകുന്നു)അല്ല =إِنْ أَجْرِىَ ധനം (ഒന്നും) =مَالًا

അല്ലാഹുവിന്റെ മേൽ അല്ലാതെ (അല്ലാഹുവിങ്കൽ മാത്രം) =إِلَّا عَلَى ٱللَّهِ

ആട്ടിപ്പായിക്കുന്നവൻ(ക്കാനും) =بِطَارِدِ ഞാൻ (തയാർ) അല്ല =وَمَآ أَنَا۠

വിശ്വാസികളായവരെ(എന്റെ പ്രബോധനം സ്വീകരിച്ച കൂട്ടുകാരെ) =ٱلَّذِينَ ءَامَنُوٓا۟

അവരുടെ വിധാതാവിനെ കണ്ടുമുട്ടുന്നവരാകുന്നു =مُّلَٰقُوا۟ رَبِّهِمْ അവർ =إِنَّهُم

നിങ്ങളെ കാണുന്നു(ന്നത്) =أَرَىٰكُمْ പക്ഷേ ഞാൻ =وَلَٰكِنِّىٓ

അവിവേകം അനുവർത്തിക്കുന്ന ജനമായിട്ട്(അത്രെ) =قَوْمًا تَجْهَلُونَ

എന്റെ ജനമേ =وَيَٰقَوْمِ

ആര് എന്നെ സഹായിക്കും (രക്ഷിക്കാൻ ആരാണുണ്ടാവുക) =مَن يَنصُرُنِى

അല്ലാഹുവിൽനിന്ന് (ദൈവം ശിക്ഷിക്കുന്നതിൽനിന്ന്) =مِنَ ٱللَّهِ

ഞാൻ അവരെ ആട്ടിയോടിച്ചാൽ =إِن طَرَدتُّهُمْ

നിങ്ങൾ ചിന്തിക്കുന്നില്ലെയോ =أَفَلَا تَذَكَّرُونَ

**27:** ملأ ന്റെ അർഥം *ഖുർആൻ ബോധനം* നേരത്തെ വിശദീകരിച്ചിട്ടുണ്ട്. സമുദായത്തിൽ സമ്പത്തും സ്വാധീനവും നേതൃത്വവുമൊക്കെയുള്ളവരാണ് ملأ القوم. ഒരു സമൂഹ

ത്തിലുണ്ടാകുന്ന എല്ലാ ധർമച്യുതികളും ഉടലെടുക്കുന്നത് ഈ വിഭാഗത്തിൽനിന്നാണ്. ഇവർ തന്നെയാണ് അധഃസ്ഥിത സമൂഹത്തെ പുരോഗതിയിലെത്തിക്കേണ്ടതും. നൂഹിന്റെ സമൂഹത്തിലെ നേതാക്കൾ സത്യസന്ധതയും ധാർമിക ബോധവും ഉള്ളവരായിരുന്നുവെങ്കിൽ നൂഹ് നബിയെ ആചാര്യനും മാർഗദർശകനുമായി സ്വീകരിക്കുമായിരുന്നു. നേരെമറിച്ച്, നിന്ദിക്കാനും അവഹേളിക്കാനുമാണ് അവർ തയാറായത്. നൂഹ് നബിക്കെതിരെ മൂന്ന് ആക്ഷേപമാണ് അവരുന്നയിച്ചത്. ഒന്ന്, അദ്ദേഹം അവരെപ്പോലൊരു മനുഷ്യൻ മാത്രമാണ്. ഇതിൽ രണ്ടു താൽപര്യമുണ്ട്. ഒന്ന്, ഞങ്ങളെപ്പോലുള്ള ഒരാളെ ഞങ്ങളുടെ ഗുരുവോ നേതാവോ ആയി അംഗീകരിക്കാനാവില്ല. ഞങ്ങളുടെ നേതാവും മാർഗദർശകനുമായി വരുന്നത് ഞങ്ങളെക്കാൾ സമ്പത്തും സ്വാധീനവും മറ്റു സൗകര്യങ്ങളുമുള്ളവനായിരിക്കണം.

ഒരു സാധാരണ മനുഷ്യൻ ദൈവദൂതനാവുകയില്ല എന്നതാണ് രണ്ടാമത്തെ താൽപര്യം. ദൈവദൂതനായി വരുന്നയാൾ അതിമാനുഷനായിരിക്കണം. ഇനി മനുഷ്യൻ തന്നെ ദൈവദൂതനായി നിയുക്തനാകുന്നുവെങ്കിൽ അയാൾക്ക് ദൈവം ധാരാളം സമ്പത്തും അധികാരവുമൊക്കെ നൽകിയിരിക്കും. അല്ലെങ്കിൽഅദ്ദേഹം ദൈവദൂതനാണെന്ന് സാക്ഷ്യപ്പെടുത്തുന്ന മലക്കുകളുടെ അകമ്പടിയോടെയായിരിക്കും വരിക. ഇതുതന്നെയാണ് ഖുറൈശികൾ ഉന്നയിച്ചതായി നേരത്തെ 12-ാം സൂക്തത്തിൽ ഉദ്ധരിച്ച വാദവും.

പ്രവാചക സന്ദേശം എവിടെയും സമൂഹത്തിന്റെ അടിത്തട്ടിലുള്ള അവശ വിഭാഗങ്ങളെയാണ് പെട്ടെന്ന് ആകർഷിക്കുക. കാരണം, അഹന്തയിൽനിന്നും ഗർവിൽനിന്നും താരതമ്യേന മുക്തരാണവർ. കൂടാതെ, അവരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും വിമോചനം ഉൾക്കൊള്ളുന്നതാണല്ലോ ഇസ്‌ലാമിക സന്ദേശം. നൂഹ് നബിയുടെ പ്രബോധനവും ആദ്യം ഉൾക്കൊണ്ടത് അത്തരക്കാരായിരുന്നു. അത് വരേണ്യ വർഗത്തെ പ്രകോപിപ്പിക്കുക സ്വാഭാവികമാണ്. തങ്ങളുടെ അടിയാളരായി കഴിഞ്ഞുകൂടേണ്ടവർ ദൈവികമെന്നവകാശപ്പെടുന്ന ഒരാദർശത്തിന്റെ വക്താക്കളാവുക, അതും തങ്ങളെക്കാൾ മുമ്പേ. അതേ ആദർശം തങ്ങളും സ്വീകരിക്കുകയെന്നാൽ അവർ തങ്ങൾക്കു തുല്യരാണെന്ന്, അല്ല സന്മാർഗദർശനം സ്വീകരിക്കുന്നതിൽ തങ്ങളെക്കാൾ മെച്ചപ്പെട്ടവരാണെന്ന് അംഗീകരിക്കുകയല്ലേ? സ്വന്തം വരേണ്യതക്കും പ്രതാപത്തിനും നേരെ ഉയരുന്ന കടുത്ത വെല്ലുവിളിയായി അവരതിനെ കണ്ടു. ഇതായിരുന്നു അവരുടെ രണ്ടാമത്തെ ആക്ഷേപം. നൂഹിന്റെ സന്ദേശം സത്യമാണെങ്കിൽ സമ്പത്തും സ്വാധീനവും കാര്യവിവരവുമുള്ള വരേണ്യവർഗമാണ് അതാദ്യം തിരിച്ചറിയുകയും സ്വീകരിക്കുകയും ചെയ്യുക. അല്ലാതെ നാട്ടിൽ നിലയും വിലയുമില്ലാത്ത ദരിദ്രവാസികളായ മ്ലേഛരല്ല. أراذلനെയാണ് 'മ്ലേഛർ' എന്ന് തർജമ ചെയ്തിട്ടുള്ളത്. വിദ്യയും സമ്പത്തും സ്ഥാനമാനങ്ങളും വിലക്കപ്പെട്ട വേലക്കാരും കൂലിക്കാരുമായ അധഃസ്ഥിതരെയാണ് أراذل എന്നുപറയുക. رَذْل എന്നാണ് ഇതിന്റെ ഏകവചനം. أرذل എന്നും ബഹുവചനമുണ്ട്. തങ്ങളെക്കാൾ ഉന്നതരോ കുറഞ്ഞപക്ഷം തങ്ങൾക്കു തുല്യരോ അല്ലാത്തവരുമായി ചേരുന്നത് തങ്ങളുടെ ഔന്നത്യത്തിനും ആഢ്യത്വത്തിനും ഹാനികരമാണെന്നാണ് അവർ സൂചിപ്പിക്കുന്നത്.

ഞങ്ങളെക്കാൾ ഒരു മെച്ചവും നിങ്ങളിൽ കാണുന്നില്ല -مَا نَرَىٰ لَكُمْ عَلَيْنَا مِن فَضْلٍ- എന്നാണ് മൂന്നാമത്തെ ആക്ഷേപം. മുകളിൽ പറഞ്ഞ ആക്ഷേപങ്ങളുടെ ദൃഢീകരണമാണിത്. അതായത്, ദൈവം നിന്നെ ദൂതനായി തെരഞ്ഞെടുത്തുവെങ്കിൽ നീ ഞങ്ങളെക്കാൾ പ്രമാണിയും സമ്പന്നനും സ്ഥാനമാനങ്ങളു

ള്ളവനുമാകേണ്ടിയിരുന്നു. നിന്നോടൊപ്പം ചേരുന്നവരും അതുപോലെ പണക്കാരും പ്രമാണിമാരുമാകേണ്ടിയിരുന്നു. ഇത്തരം യാതൊരു മെച്ചവും നിന്നിലോ നിന്റെ അനുയായികളിലോ കാണുന്നില്ല. നിങ്ങളെ അപേക്ഷിച്ച് ഞങ്ങൾ ഏറെ മെച്ചപ്പെട്ട അവസ്ഥയിലാണെന്നും ഞങ്ങൾ കാണുന്നു. അതിനാൽ നിന്റെ പ്രവാചകത്വവാദവും ദൈവശിക്ഷാ മുന്നറിയിപ്പുമൊക്കെ വെറും ഭള്ളുകളായേ ഞങ്ങൾ കരുതുന്നുള്ളൂ.

**28:** ഈ സൂക്തവും തുടർന്നുള്ള സൂക്തങ്ങളും സത്യനിഷേധികളായ വരേണ്യവർഗത്തിന്റെ ആക്ഷേപങ്ങൾക്ക് നൂഹ്(അ) നൽകുന്ന മറുപടിയാണ്. ഉന്നയിക്കപ്പെട്ട എല്ലാ ആക്ഷേപങ്ങൾക്കും ഒന്നൊന്നായി ഇതിൽ പറയുന്ന മറുപടികൾ പരിശോധിച്ചാൽ ഇതേ ആക്ഷേപങ്ങൾ തന്നെയാണ് മുഹമ്മദ് നബിക്കെതിരെയും ഉന്നയിക്കപ്പെട്ടതെന്നും നൂഹ്നബി നൽകിയതു തന്നെയാണ് അദ്ദേഹത്തിന്റെയും മറുപടിയെന്നും വ്യക്തമാകും.

ആദ്യമായി നൂഹ്(അ) പറയുന്നതിതാണ്: ഞാൻ നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്ന ഈ സന്ദേശം അടിസ്ഥാന രഹിതമായി സ്വയം കെട്ടിച്ചമച്ചുണ്ടാക്കിയ ഒന്നല്ല. അതിന്ന് പ്രബലമായ രണ്ടടിത്തറയുണ്ട്. ഒന്ന്, പ്രകൃതി എനിക്കു നൽകിയ ഉൾവെളിച്ചവും അതിനെ ബലപ്പെടുത്തുന്ന പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളും. بَيِّنَةٍ എന്നാണ് മൂലപദം. നേരത്തെ 17-ാം സൂക്തത്തിനു താഴെ ഈ പദത്തിന്റെ താൽപര്യം വിശദീകരിച്ചിട്ടുണ്ട്. ആ സൂക്തത്തിൽ മുഹമ്മദ് നബി(സ) സ്വജനത്തോടു പറയുന്ന സംഗതി തന്നെയാണ് ഇവിടെ നൂഹ് നബി അദ്ദേഹത്തിന്റെ ജനത്തോടും പറയുന്നത്. അവിടെ പ്രവാചകത്വത്തെയും വേദത്തെയും തെളിവിനെ പിന്തുടരുന്ന സാക്ഷി -شاهد-എന്നാണ് വ്യവഹരിച്ചത്. ഇവിടെ അതിനെ رحمة (കാരുണ്യം, അനുഗ്രഹം) എന്നാണ് വ്യവഹരിച്ചിരിക്കുന്നത്. ഇതാണ് നൂഹിന്റെ സന്ദേശത്തിന്റെ രണ്ടാമത്തെ അടിത്തറ. എന്റെ ഉള്ളിലുള്ള ആ പ്രകൃതിയുടെ വെളിച്ചം നിങ്ങളുടെ ഉള്ളിലും നിലനിൽക്കുന്നുണ്ടെങ്കിൽ എന്റെ സന്ദേശം നിങ്ങളുടെ മനസ്സിന്റെ ശബ്ദം തന്നെയാണെന്ന് നിങ്ങൾ തിരിച്ചറിയുകയും അതൊരു ദൈവാനുഗ്രഹമായി സ്വീകരിക്കുകയും ചെയ്യും. പക്ഷേ ഭൗതിക പ്രമത്തതയും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിങ്ങളുടെ മനസ്സിന്റെ പ്രകൃതി വികലമാക്കിയിരിക്കുകയാണ്. അതിനാൽ സത്യവും സന്മാർഗവും സ്വീകരിക്കാനുള്ള അതിന്റെ യോഗ്യത നഷ്ടപ്പെട്ടിരിക്കുന്നു. വെളിച്ചത്തെ ഇരുട്ടും ഇരുട്ടിനെ വെളിച്ചവുമായി തെറ്റുധരിച്ചിരിക്കുകയാണ് നിങ്ങൾ. ഉൾവെളിച്ചം, അത് അറിഞ്ഞ് ഉൾക്കൊള്ളുന്നവർക്കുമാത്രം ലഭിക്കുന്നതാണ്. അറിയാനോ ഉൾക്കൊള്ളാനോ തയാറാകാതെ അതിനെ വെറുക്കുന്നവരിലേക്ക് ബലാൽക്കാരം അതു കടത്തിവിടാൻ ആർക്കുമാവില്ല. ഞങ്ങൾ, പ്രവാചകന്മാരും പ്രബോധകന്മാരും അതു കൽപിക്കപ്പെട്ടിട്ടുമില്ല.

അന്ധത, മൗഢ്യം, അജ്ഞത എന്നൊക്കെ അർഥമുള്ള عماية ൽനിന്നുള്ള കർമണി വാക്യമാണ് عُمِّيت അയാൾക്ക് ഒരുകാര്യം അദൃശ്യമായി, അവ്യക്തമായി, ദുർഗ്രഹമായി എന്ന അർഥത്തിൽ عَمِيَ عليه الأمر എന്നുപറയും. വഴിയടയാളങ്ങൾ കാണാത്തതുകൊണ്ടോ അവ്യക്തമായതുകൊണ്ടോ മരുഭൂമിയിൽ ദിക്കറിയാതെ സഞ്ചരിക്കുന്നതിന് عمى عليه الطريق എന്നു പറയുന്നു. ഭൗതിക പ്രമത്തതയുടെയും ധിക്കാരത്തിന്റെയും ഇരുട്ടുമൂലം പ്രവാചക സാന്നിധ്യമാകുന്ന ദൈവാനുഗ്രഹം തിരിച്ചറിയാതെ അന്ധരായി വാഴുന്നു എന്നാണ് ഇവിടെ فَعُمِّيَتْ عَلَيْكُمْ എന്ന വാക്യത്തിന്റെ താൽപര്യം.

**29,30:** സ്വന്തം ജനത അനുവർത്തിക്കുന്ന അവഗണനക്കും പാരുഷ്യത്തിനുമുള്ള മറുപടിയാണിത്. ജനങ്ങളേ, അവഗണനകൊണ്ടും കൊടിയ നിഷേധം കൊണ്ടും നിങ്ങൾ എന്നെ തോൽപിക്കാൻ പോകുന്നില്ല. നന്നായി മനസ്സിലാക്കിക്കൊള്ളുക, ഞാൻ ഈ ദൗത്യവുമായി നങ്ങൾക്കിടയിൽ വന്നിട്ടുള്ളത് വ്യക്തിപരമായ എന്തെങ്കിലും ഭൗതിക നേട്ടത്തിനു വേണ്ടിയല്ല. നിങ്ങളിൽനിന്ന് അത്തരം ഒരു ഫലവും ഞാൻ തേടുന്നുമില്ല; പ്രതീക്ഷിക്കുന്നുമില്ല. ഞാൻ അല്ലാഹു ഏൽപിച്ച ദൗത്യമാണ് നിർവഹിച്ചുകൊണ്ടിരിക്കുന്നത്. അതിന് പ്രതിഫലം തരേണ്ടത് അവനാണ്. ദൗത്യം യഥാവിധി നിർവഹിക്കപ്പെട്ടാൽ അർഹിക്കുന്ന പ്രതിഫലം അവൻ തരുമെന്ന് എനിക്ക് നല്ല ഉറപ്പുണ്ട്. നിങ്ങളുടെ അവഗണന, പരിഹാസം, അക്രമം എല്ലാം സഹിക്കുകയെന്നതും എന്റെ നിയോഗത്തിന്റെ ഭാഗമാണ്. അതിനും അല്ലാഹു എനിക്ക് പ്രതിഫലം നൽകും. അതുകൊണ്ട് നിങ്ങളുടെ നിഷേധം എത്ര കടുത്തതും ക്രൂരവുമായാലും എനിക്കൊരു നഷ്ടവും വരാനില്ല. നഷ്ടം വരാനുള്ളത് നിങ്ങൾക്കു തന്നെയാണ്; അല്ലാഹുവിങ്കൽനിന്നുള്ള അനുഗ്രഹത്തിന്റെയും രക്ഷയുടെയും നഷ്ടം.

لَآ أَسْـَٔلُكُمْ عَلَيْهِ مَالًا(ഞാനതിന് നിങ്ങളോട് ധനം ചോദിക്കുന്നില്ല) എന്നാണ് മൂലവാക്യം. മറ്റു പല സ്ഥലങ്ങളിലും വന്നിട്ടുള്ളത്, لَّآ أَسْـَٔلُكُمْ عَلَيْهِ أَجْرًا (ഞാനതിന് പ്രതിഫലം ചോദിക്കുന്നില്ല) എന്നാണ്. ഭൗതിക നേട്ടം തേടുന്നില്ല എന്നാണ് രണ്ടിന്റെയും സാരം. അതായത്, ഭൗതിക ലാഭത്തിനുവേണ്ടിയുള്ള ഒരു കച്ചവടമല്ല ദീനീ പ്രബോധനം. ചരക്ക് ആളുകൾ വാങ്ങുമ്പോഴാണല്ലോ കച്ചവടക്കാരന് ലാഭമുണ്ടാവുക. ആരും വാങ്ങിയില്ലെങ്കിൽ അയാൾക്ക് നഷ്ടം വരുന്നു. ദീനീ ദൗത്യത്തിന്റെ കഥ നേരെ മറിച്ചാണ്. പ്രബോധകന്റെ ചരക്ക് ആരും വാങ്ങിയില്ലെങ്കിലും അയാൾക്ക് ഒരു നഷ്ടവും ഇല്ലെന്നുമാത്രമല്ല, ചരക്ക് ചെലവായാൽ കിട്ടേണ്ട ലാഭം തന്നെ കിട്ടുകയും ചെയ്യും. നഷ്ടം വരുന്നത് ചരക്ക് വാങ്ങാതിരുന്നവർക്കുമാത്രമാണ്.

എന്റെ സന്ദേശം സ്വീകരിച്ചവർ അധഃസ്ഥിതരും പട്ടിണിപ്പരിഷകളുമാണെന്നാണല്ലോ നിങ്ങളുടെ ഒരാക്ഷേപം. എന്നെ അംഗീകരിച്ചാൽ അവരുടെ നിലവാരത്തിലേക്ക് താണുപോകുമെന്ന് നിങ്ങൾ ഭയപ്പെടുന്നു. അവരെയൊക്കെ ഞാൻ ആട്ടിപ്പായിച്ചാൽ, എന്റെ പാർട്ടിയിൽനിന്ന് ഒഴിവാക്കിയാൽ എന്നോട് സഹകരിക്കുന്ന കാര്യം പരിഗണിക്കാമെന്നും നിങ്ങൾ കരുതുന്നുണ്ട്. പക്ഷേ സത്യവിശ്വാസം കൈക്കൊണ്ടവരെ, അവർ ആരായിരുന്നാലും ഞാനൊരിക്കലും ആട്ടിപ്പായിക്കുകയില്ല. അവരൊക്കെയും തങ്ങളുടെ സത്യവിശ്വാസത്തോടു കൂടി നാളെ അല്ലാഹുവിനെ കണ്ടുമുട്ടാനിരിക്കുന്നവരാണ്. ഇന്ന് നിങ്ങൾക്കുവേണ്ടി ആ പാവങ്ങളെ ആട്ടിപ്പായിച്ചാൽ നാളെ ഞാനെന്റെ വിധാതാവിനെ മുഖം കാണിക്കുന്നതെങ്ങനെയാണ്?! ഉന്നതനാര്, നീചനാര് എന്ന് യഥാർഥത്തിൽ തീരുമാനിക്കപ്പെടുന്നത് അല്ലാഹുവിങ്കലാണ്. തന്റെ ദൃഷ്ടിയിൽ വിശിഷ്ടനാര്, നികൃഷ്ടനാര് എന്ന് അവൻ പറഞ്ഞുതരും. തോന്നിയവരെ ശിഷ്ടരും തോന്നിയവരെ ദുഷ്ടരുമായി വേർതിരിക്കുകയും ഉച്ചനീചത്വമനുവർത്തിക്കുകയും ചെയ്യുന്ന നിങ്ങളുടെ നടപടി എന്റെ ദൃഷ്ടിയിൽ തികച്ചും വിവേകശൂന്യവും മൂഢവുമാകുന്നു. ഇതാണ് وَلَٰكِنِّيٓ أَرَىٰكُمْ قَوْمًا تَجْهَلُونَ എന്ന വാക്യത്തിന്റെ താൽപര്യം. جهالةന്റെ ക്രിയാരൂപമാണ് تَجْهَلُونَ. അജ്ഞത, അവിവേകം, മൂഢത എന്നൊക്കെ جهالةന് അർഥമുണ്ട്. പ്രകൃത സന്ദർഭത്തിൽ എല്ലാ അർഥവും സാധുവാകുന്നു.

.........يَٰقَوْمِ مَن يَنصُرُنِى എന്നു തുടങ്ങുന്ന വചനം, മുൻ സൂക്തത്തിന്റെ ആശയത്തെ ഒന്നുകൂടി ഉറപ്പിക്കുകയാണ്. അതായത്, നിങ്ങളെ തൃപ്തിപ്പെടുത്താനായി ഞാൻ എന്റെ കൂടെയുള്ള പാവങ്ങളെ ആട്ടിയോടിക്കുന്നത് അല്ലാഹുവിങ്കൽ

ശിക്ഷാർഹമായ മഹാപാതകമാകുന്നു. അവരെ പുറത്താക്കുന്നതുവഴി ഇവിടെ ഒരു പക്ഷേ നിങ്ങൾ എന്നിൽ തൃപ്തരായേക്കാം. പക്ഷേ ആ മഹാപാതകത്തിന്റെ പേരിൽ നാളെ അല്ലാഹു എനിക്ക് ശിക്ഷ വിധിക്കുമ്പോൾ നിങ്ങൾക്കോ മറ്റാർക്കെങ്കിലുമോ എന്നെ അതിൽനിന്ന് രക്ഷിക്കാൻ കഴിയുമോ? ഈ വക കാര്യങ്ങളൊന്നും നിങ്ങൾ അൽപവും ആലോചിക്കാത്തതെന്താണ്?! ■